പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2102

11-03-2020 ൽ മറുപടിക്ക്

**പൊതുമേഖല സ്ഥാപനങ്ങളുടെ വികസനം**

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി

ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവും പുതിയ വ്യാവസായികോല്പന്നങ്ങൾ സംബന്ധിച്ച ഗവേഷണങ്ങളും ഏകോപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | എ) ഉം ബി) ഉം | വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്നുവരുന്ന വിവിധ ആധുനികവത്ക്കരണ പ്രവർത്തനങ്ങളും, വിപണന സാധ്യതയുള്ള കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള വിവിധ ഗവേഷണ വികസന പദ്ധതികളും അത് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഏകോപിപ്പിക്കുന്നതിനുമായി പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് & ഇൻേറണൽ ആഡിറ്റ് ബോർഡിന് (റിയാബ്) 2020-21 - ൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി റിയാബിന്റെ കീഴിൽ ഒരു ടെക്നിക്കൽ സർവ്വീസ് സപ്പോർട്ട് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| സി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമാണെന്ന് ഉറപ്പാക്കുന്നതിനും വാങ്ങലിലെയും വില്പനയിലെയും അസംസ്കൃത വസ്തുക്കളുടെ ഉപഭോഗത്തിലെയും കൃത്യത ഉറപ്പാക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകളുടെ അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ സുതാര്യവും സമയബന്ധിതവുമാക്കുന്നതിൻെറ ഭാഗമായി ഉൽപ്പാദന വിപണന സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സ്ഥാപനങ്ങളിൽ എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെൻറ് കേരളയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ